## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 4190** — **16/12/2014 ൽ മറുപടിയ്ക്ക്**

### ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി )** |
| (എ) ബാംബൂ കോർപ്പറേഷന്റെ പ്രതി സന്ധിയുടെ കാരണം വ്യക്തമാക്കാമോ ? <br><br> (ബി)പ്രതിസന്ധി പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (എ) & (ബി) | കേരള സംസ്ഥാന ബാംബൂ കോർപറേഷൻ അഭി മുഖീകരിക്കുന്ന പ്രധാന പ്രതി സന്ധികൾ താഴെ പ്പറയുന്നവയാണ്. <br> കോർപറേഷന്റെപ്രധാന അസംസ്കൃത വസ്തുവായ ഈറ്റ കാലാകാലങ്ങളിൽ വനംവകുപ്പിൽ നിന്ന് നൽകുന്ന അലോട്ട്മെന്റിന്റെ അടിസ്ഥാന ത്തിലാണ് ലഭിക്കുന്നത്. ചില വർഷങ്ങളിൽ അലോട്ട്മെന്റ് ലഭിക്കാൻ കാലതാമസം നേരിടാറുണ്ട്. ഇതുമൂലം, ഈറ്റ വിതരണത്തിൽ ദൗർലഭ്യം നേരിടുകയും ഈറ്റ, പനമ്പ് മേഖല പ്രതി സന്ധിയിലാവുകയും ചെയ്യാറുണ്ട്. തന്മൂലം പനമ്പിന്റെ ലഭ്യത കുറയുകയും ബാംബൂപ്ലൈയുടെ ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യാറുണ്ട്. പക്ഷെ ഇപ്പോൾ ഈ മേഖലയിൽ പ്രതിസന്ധികളൊന്നും നില നിൽക്കുന്നില്ല. |
| (സി) ബാംബൂ ബോർഡ് ഫാക്ടറി മൂന്ന തവണ നിർത്തി വയ്ക്കേണ്ടി വന്നതിന്റേയും ഓഫ് ചെയ്യേണ്ടി വന്നതിന്റേയും കാരണം വ്യക്ത മാക്കാമോ ? | (സി) | 'ബാംബൂപ്ലൈ'യുടെ ഉല്പാദനത്തിനു വേണ്ട അസംസ്കൃത വസ്തുവായ 'ഫിനോൾ' - ന്റെ ദൗർലഭ്യം മൂലമാണ് ബാംബൂ ബോർഡ് ഫാക്ടറി ലേ-ഓഫ് ചെയ്യേണ്ടി വന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള |

Hindusthan Organic Chemicals പ്രവർത്തനം നിർത്തി വച്ചിരുന്നു. ഇന്ത്യയിൽ ഫിനോൾ നിർമ്മിക്കുന്ന ഏക സ്ഥാപനമാണിത്. മേൽ സ്ഥാപനം പ്രവർത്തനം തുടങ്ങിയതിനു ശേഷം ബാംബു ബോർഡ് ഫാക്ടറി ലേ-ഓഫ് ചെയ്യേണ്ടി വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ